3. ടീച്ചർമാർക്കു പ്രാവിഡൻറ്ഫണ്ടു് ഏർപ്പെടുത്തണമെന്നു് നിർദ്ദേശിച്ചു. രൂപയ്ക്കു 9 പൈസാ ടീച്ചർ കൊടുക്കണമെന്നും ബാക്കിയുള്ളതു് ഗവണ്മെൻറിൽനിന്നും കൊടുക്കണമെന്നും നിർദ്ദേശിച്ചു.

4. സ്കൂളുകളുടെ ആവശ്യത്തിനുള്ള സാമഗ്രികളുടെ മൊത്തവിലയിൽ 25 ശതമാനം ഗവണ്മെൻറു് കൊടുക്കേണ്ടതാണെന്നു നിർദ്ദേശിച്ചു.

5. സ്കൂൾ സംരക്ഷണത്തിനായി ആണ്ടുതോറും ഒരു വിഷയം പഠിപ്പിക്കുന്ന സ്കൂളിനു 150 രൂപയും ഒന്നിൽക്കൂടുതൽ വിഷയങ്ങൾ പഠിപ്പിക്കുന്ന സ്കൂളുകൾക്കു ഒരു വിഷയത്തിനു 25 രൂപ വീതം കൂടുതലായും കൊടുക്കണമെന്നു നിർദ്ദേശിച്ചു.

(സി) വ്യവസായങ്ങൾക്കു് ധനസഹായം നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചു് തീരുമാനമെടുക്കുന്നതിനും മറ്റും "State Aid to Industries Act." അനുസരിച്ചു് പ്രവർത്തിക്കുന്ന ഒരു ബോർഡു് ഉണ്ടു്. ആ ബോർഡു് Industries Department ൻറെ കീഴിൽ പ്രവർത്തിക്കുന്നു.

ജയിൽ പരിഷ്കരണ കമ്മിറ്റിയുടെ ശുപാർശ.

254. [10] ശ്രീ. പി. കെ. യശോധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജയിൽ റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു് എവിടെയെല്ലാം സബ് ജയിലുകൾ തുറന്നിട്ടുണ്ടു്;

(ബി) ഈ വർഷംതന്നെ മുഴുവൻ സ്ഥലങ്ങളിലും തുറന്നു പ്രവർത്തനം ആരംഭിക്കുമോ?

ഉത്തരം.

(എ) ജയിൽ റിഫോംസ് കമ്മിറ്റിയുടെ ശുപാർശയനുസരിച്ചു് നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇരിങ്ങാലക്കുട, ആലുവാ എന്നീ സ്ഥലങ്ങളിൽ സബ് ജയിലുകൾ തുറന്നിട്ടുണ്ടു്.

(ബി) ബാക്കി തുറക്കുവാൻ അനുവദിച്ചുരായ നാലു് സബ് ജയിലുകൾ ഈ വർഷംതന്നെ തുറന്നു പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടു്.

ശാസ്താംകോട്ട കുന്നംപുറത്തെ കുടികിടപ്പുകാർ.

255. [11] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി തരുമോ:

(എ) ശാസ്താംകോട്ട കുന്നംപുറത്തെ കുടിപാർപ്പുകാരായ 36-ൽ പരമുള്ള ഭൂമിയില്ലാത്ത കർഷകത്തൊഴിലാളി കുടുംബങ്ങളെ അവർ കുടികിടക്കുന്ന സക്കാർ പുറമ്പോക്കിൽനിന്നും ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോ; ഈ നടപടി മുൻ പി. എസ്. പി. ഗവണ്മെൻറു് നിറുത്തിവച്ചിരുന്നതല്ലേ; ഈ നടപടി വീണ്ടും തുടങ്ങാൻ കാരണമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കുടികിടപ്പുകാർക്ക് നിരോധനക്കരം അടയ്ക്കണമെന്ന് ഡിമാൻറ നോട്ടീസ് നൽകിയിരുന്നോ; ഏതു വർഷം മുതൽ ഏതുവർഷംവരെയുള്ള നിരോധനക്കരം അടയ്ക്കാനാണ് നോട്ടീസു നൽകിയിരുന്നതു; പ്രസ്തുത സ്ഥലം ദേവസ്വം ഡിപ്പാർട്ടുമെൻറിനു കൈമാറാം ചെയ്യുന്ന ഉത്തരവു പാസായതു എന്നാണ്; അതിനുമുൻപ മുതൽക്കുള്ള നിരോധനക്കരം അടയ്ക്കാനല്ലേ നോട്ടീസു നൽകിയിരുന്നതു; ദേവസ്വം ഡിപ്പാർട്ടുമെൻറിലെ സ്ഥലം കൈമാറാം ചെയ്യുന്നതിനു മുൻപുതന്നെയുള്ള കുടികിടപ്പുകാരെന്നനില പരിഗണിച്ച് അവരുടെ പേരിലുള്ള ഒഴിപ്പിക്കൽ നടപടി വീണ്ടും നിറുത്തിവയ്ക്കുമോ?

ഉത്തരം.

(എ) ശാസ്താംകോട്ട ക്ഷേത്രത്തിനു കിഴക്കുവശമുള്ള സ്ഥലത്തു് അനധികൃത പ്രവേശനത്തിനു് 35 കേസുകൾ എടുത്തു് നടപടിനടത്തി പ്രവേശനം ഒഴിപ്പിക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടു്. പ്രസ്തുത പ്രവേശനക്കാരുടെ അപേക്ഷയനുസരിച്ചു് ഗവണ്മെൻറ് തൽക്കാലം നടപടി നിറുത്തിവച്ചിരുന്നതും, അപേക്ഷയിന്മേൽ അന്വേഷണം നടത്തി വസ്തു ഒഴിപ്പിക്കേണ്ടതാണെന്നു് ബോദ്ധ്യം വന്നതിനാൽ ഒഴിപ്പിക്കൽ നടപടി തുടരുന്നതിനു് വീണ്ടും തീരുമാനിച്ചിട്ടുള്ളതും ആണു്.

(ബി) നിരോധനക്കരം അടയ്ക്കുന്നതിനു് കക്ഷികൾക്കു് നോട്ടീസു് അയച്ചിട്ടുണ്ടു്. നിരോധനക്കരം ഈടാക്കുന്നതിനു് പ്രവേശനത്തിൻറെ പഴക്കമനുസരിച്ചു് ഒരു വർഷം മുതൽ അഞ്ചു വർഷം വരെയുള്ള നിരോധനക്കരം ചുമത്തി നോട്ടീസു് അയച്ചിട്ടുണ്ടു്. പ്രസ്തുത സ്ഥലം ദേവസ്വംബോർഡിലേക്കു് പാട്ടത്തിനു കൊടുക്കുന്നതിനു് 29-8-1953-ൽ ഉത്തരവായി. അതനുസരിച്ചു് ടി സ്ഥലം 5-9-1953-ൽ ദേവസ്വം ബോർഡിനു് വിട്ടുകൊടുത്തു. ഏതാനും ചില കേസുകളിൽ പ്രസ്തുത തീയതിക്കുമുൻപുള്ള പഴക്കം അസ്സലമാക്കി നിരോധനക്കരം ചുമത്തിയിട്ടുണ്ടു്. ഈ സ്ഥലം ഒരു വൈദികഗുരുകുലം സ്ഥാപിക്കുന്നതിനുവേണ്ടി ദേവസ്വംബോർഡിനു കൊടുത്തിട്ടുള്ളതാകയാൽ മുൻ പ്രവേശനക്കാരെ ഒഴിപ്പിക്കുവാനുള്ള നടപടി നിറുത്തിവയ്ക്കാൻ നിർവാഹമില്ല.

സക്കാർ പുറംപോക്കിലെ ഭൂമിയില്ലാത്ത കുടികിടപ്പുകാർ

256. [12] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തൂർ താലൂക്കിൽ പുറംപോക്കും, തരിശുമായി തല ച്ചിറകളും, പബ്ലിക്കു് മാർക്കറ്റുകളും ഒഴിച്ചു് എന്തുസ്ഥലം കിടപ്പുണ്ടു്; എതെല്ലാം പകുതികളിൽ;

(ബി) അതിൽ പ്രവേശനമുള്ളതു് എവിടൊക്കെ; എത്ര ഏക്കർ സ്ഥലത്തു്;

(സി) അനധികൃതപ്രവേശനക്കാരിൽ ഭൂമിയുള്ളവർ എത്ര; അവരുടെ കൈവശം എന്തു ഭൂമി ഉണ്ടു്; അവരെ ഒഴിപ്പിക്കാൻ ഫലപ്രദമായ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്; അത്രംഭൂമിയുള്ള എത്ര പ്രവേശനക്കാരെ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒഴിപ്പിച്ചു;

LIBRARY ARCHIVES Kerala Legislative Assembly